# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1620 17/06/2013 ൽ മറുപടിക്ക്

**സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാന ദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 77-ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് സംഘടനകൾക്ക് അംഗീകാരം ലഭിക്കുന്നതിന് താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.<br><br>(1) സർക്കാർ ജീവനക്കാരുടെ ഒരു പ്രത്യേക വിഭാഗം ഉൾപ്പെടുന്നതായിരിക്കണം അസോസിയേഷൻ. ആ വിഭാഗത്തിലെ ആകെ ജീവനക്കാരുടെ 25 ശതമാനമോ 50 പേരോ ഏതാണോ കൂടുതൽ അത്രയും പേർ പ്രസ്തുത സംഘടനയിൽ അംഗത്വമെടുക്കേണ്ടതും ആ വിഭാഗത്തിൽപെട്ട എല്ലാ സർക്കാർ ജീവനക്കാർക്കും പ്രസ്തുത സംഘടനയിൽ അംഗത്വമെടുക്കുവാൻ അർഹതയുണ്ടായിരിക്കേണ്ടതുമാണ്.<br><br>(2) സർക്കാർ സർവ്വീസിലില്ലാത്ത വ്യക്തികൾ അത്തരം അസോസിയേഷനുകളുടെ ഭാരവാഹിയാകുവാൻ പാടില്ല.<br><br>(3) പ്രസ്തുത അസോസിയേഷൻ പ്രാദേശിക/സാമുദായിക അടിസ്ഥാനത്തിൽ രൂപീകരിക്കുവാൻ പാടില്ല.<br><br>4) പ്രസ്തുത അസോസിയേഷൻ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്ത അസോസിയേഷനുമായോ അസോസിയേഷനുകളുടെ ഫെഡറേഷനുമായിട്ടോ യാതൊരു തരത്തിലും അഫിലിയേറ്റ് ചെയ്യുവാനോ ബന്ധപ്പെട്ടു പ്രവർത്തിക്കുവാനോ പാടില്ല.<br><br>(5) പ്രസ്തുത അസോസിയേഷൻ യാതൊരു രാഷ്ട്രീയ പാർട്ടിയുമായോ/സംഘടനയുമായോ യാതൊരു തരത്തിലും ബന്ധപ്പെട്ടു പ്രവർത്തിക്കുവാൻ പാടില്ല. |

| | |
|---|---|
| (ബി) സംസ്ഥാനത്ത് എത്ര സർവ്വീസ് സംഘടനകൾക്ക് അംഗീകാരമുണ്ടെന്നും അവയുടെ പേരു വിവരവും വെളിപ്പെടുത്തുമോ; | (ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ലഭ്യമായ രേഖകളിൽനിന്നും ഏകദേശം 300-ഓളം സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) അംഗീകാരം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ ? | (സി) ഒരു അപേക്ഷ ഇപ്പോൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**